പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3691 24/06/2014-ൽ മറുപടിക്ക്

# പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹിക വൈദ്യുതികണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് നൽകിവരുന്ന പ്രത്യേക പരിഗണനകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2014 പ്രകാരം, പട്ടിക വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്നതിനുള്ള വ്യവസ്ഥകൾ നില വിലില്ല. എന്നാൽ ബി.പി.എൽ., പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന് സപ്ലൈകോഡ്, 2005 പ്രകാരം നൽകി വന്നിരുന്ന സൗജന്യ കണക്ഷനുകൾ തുടർന്നും നൽകുന്നതിനുവേണ്ടി 09.05.2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവനു സരിച്ച് ലൈൻ നീട്ടൽ ആവശ്യമില്ലാത്ത 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും, 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗങ്ങൾക്കും ഗവൺമെന്റ് സബ്സിഡി ലഭ്യമാകുന്നത് കണക്കി ലെടുത്ത് സൗജന്യ വൈദ്യുതി കണക്ഷന് അർഹതയുണ്ട്. |
| (ബി) നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുന്ന പട്ടിജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | (ബി) ഉണ്ട്. നാല് അപേക്ഷകർക്ക് പ്രോപ്പർട്ടി ക്രോസ്സിംഗ് തർക്കം മൂലം വൈദ്യുതി കണക്ഷൻ നൽകുവാൻ ബാക്കിയുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) പ്രസ്തുത വിഷയത്തിൽ തീർപ്പ കൽപ്പിക്കുന്നതിനായി തൃശ്ശൂർ എ.ഡി.എം.ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എ.ഡി.എം.ന്റെ ഉത്തരവ് അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**